കായംകുളം ഗവൺമെൻറ് കായൽ ഫാം

1227. [1665] ശ്രീ. വി. കേശവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) കായംകുളം ഗവൺമെൻറ് കായൽഫാമിൽ കൃഷിപ്പണികൾ സംതൃപ്തനേത്തിൽ ആയിരിക്കുന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഫാമിലെ വിളയറകൈയും ആയിരംഞണക്കിന് തെങ്ങിൻ തൈകളും വെള്ളത്തിൽമുങ്ങി നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വെള്ളം പമ്പ് ചെയ്ത് കളയുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളുമോ ;

(സി) യഥാസമയം വെള്ളം പമ്പ്ചെയ്ത് കളയാതെ നാശനഷ്ടം വരുത്താനിടയാക്കിയ ഫാമിലെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫാമിൽ മഴവെള്ളം വളരെനാൾ കെട്ടിനിന്നാൽ വിവിധ പ്രായത്തിലുള്ള തെങ്ങുകൾക്ക് ദോഷം വരുമെന്നുള്ളതുകൊണ്ട് വെള്ളം എത്രയുംവേഗം പമ്പ് ചെയ്തുകളയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുറംകായലിൽ വെള്ളത്തിൻെറ വിതാനം കായൽഫാമിലെ ജലവിതാനത്തേക്കാൾ ഉയർന്ന് നിൽക്കുമ്പോൾ വെള്ളം ഫാമിൽനിന്നും പമ്പ്ചെയ്ത് പുറത്തുകളയാൻ സാദ്ധ്യമല്ല. പുറത്തുള്ള ജലവിതാനം കുറയ്ക്കുന്നതിനുവേണ്ടി തോട്ടപ്പള്ളി സ്പിൽവേ തുറക്കുകയും കായംകുളം പൊഴി മുറിക്കുകയും ചെയ്യുന്നതിനും പമ്പ്ചെയ്ത് വെള്ളം പുറത്ത് കളയുന്നതിനും. ഉദ്യോഗസ്ഥൻമാർക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയുമാണ്. അതുകൊണ്ട് ഇപ്പോൾ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കേണ്ട കാര്യമൊന്നുമില്ല.

പുതിയ കൃഷി ആഫീസുകൾ

1228. [1671] ഡോക്ടർ കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന പരിശീലന സന്ദർശന പരിപാടി അനുസരിച്ച് സംസ്ഥാനത്ത് പുതുതായി എത്ര കൃഷി ആഫീസുകൾ തുടങ്ങാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു ;

(ബി) ഓരോ ജില്ലയിലുമെത്ര ;

(സി) ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽ ഒരു കൃഷി ആഫീസ് തുടങ്ങാൻ നടപടികളെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യും (ബി) യും.

പരിശീലന സന്ദർശന പരിപാടിയനുസരിച്ച് ലക്ഷ്യമിട്ടിരുന്ന കൃഷി ആഫീസുകളെല്ലാം ഇതിനോടകം തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ട് ഈ പദ്ധതിയനുസരിച്ച് പുതിയ കൃഷി ആഫീസുകളൊന്നും തുടങ്ങാൻ ഉദ്ദേശമില്ല.

(സി) കുട്ടനാട് പ്രദേശത്ത് ആലപ്പുഴ, അമ്പലപ്പുഴ, ഇടത്വാ, വെളിയനാട്, പുളിങ്കുന്ന്, നീലംപേരൂർ, നെടുമുടി എന്നീ ഏഴ് കൃഷി വികസന ആഫീസുകളും ഇപ്പോഴത്തെന്നെ പ്രവർത്തിച്ചു വരുന്നുണ്ട്. അതുകൊണ്ട് പുതുതായി കൃഷിആഫീസ് തുടങ്ങാൻ ഉടനെ ഉദ്ദേശമൊന്നുമില്ല.

കാർഷികോൽപ്പന്ന വിപണന പദ്ധതി

1229. [1672] ശ്രീ. കെ. സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളാടിസ്ഥാനത്തിൽ ഒരു കാർഷിക ഉൽപ്പന്ന വിപണന പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഗവൺമെൻറ് എടുത്തിട്ടുള്ളത് ;

(ബി) ഈ പദ്ധതിയുടെ വിശദവിവരം നൽകാമോ ;

(സി) ഈ പദ്ധതിക്കുവേണ്ടി ഇതുവരെ എന്തു തുക ചിലവായി ?

ഉത്തരം

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) കാർഷികോൽപ്പന്നങ്ങൾ കേട് കൂടാതെ സൂക്ഷിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ഉള്ള സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

(സി) കേന്ദ്ര സർക്കാരിന്റേയും ലോകബാങ്കിന്റെയും അംഗീകാരം കിട്ടിയതിനുശേഷമേ പദ്ധതി നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

നെല്ല്, കപ്പ എന്നിവയുടെ ഉല്പാദനം

1230. [1673] ശ്രീ. സി. ടി. കൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് 1980 മുതൽ 1984 വരെ ഓരോ കൊല്ലവും ഉല്പാദിപ്പിക്കപ്പെടുന്ന നെല്ല്, കപ്പ, എന്നിവയുടെ കണക്ക് വ്യക്തമാക്കുമോ ;

(ബി) നെല്ല്, കപ്പ എന്നീ അടിസ്ഥാന കൃഷ്യവിളകളുടെ ഉല്പാദനം കൂടുകയാണോ കുറയുകയാണോ ചെയ്തിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly